II ഇ.ബി. XIV - കേരള നിയമസഭ/XV-7

# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജൂൺ 14, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

19 (*181) വൈദ്യുതിയുടെ ദുർവ്യയം തടയാൻ നടപടി

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) നൽകിയ മറുപടിയിൽ, വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും ഊർജ്ജമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടും ഊർജ്ജ കേരള മിഷന്റെ ഭാഗമായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, ഫിലമെന്റ് രഹിത കേരളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിതരണശൃംഖലയിലുണ്ടാകുന്ന വൈദ്യുതി നഷ്ടം പരിഹരിക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തുന്നുണ്ടെന്നും സർക്കാർ വക കെട്ടിടങ്ങളിൽ

ഊർജ്ജസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിലും അഞ്ച് സിവിൽ സ്റ്റേഷനുകളിലും ഇത് പൂർത്തിയായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി 4800 സ്കൂളുകളിൽ സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കുകയും 550 എണ്ണം കാർബൺ സന്തുലിതമാക്കുകയും ചെയ്തിട്ടുണ്ട്. ഊർജ്ജ സംരക്ഷണ ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ടെന്നും സർക്കാരിതര സംഘടനകളുമായി ചേർന്ന് എല്ലാ നിയോജകമണ്ഡലങ്ങളിലും ഊർജ്ജകിരൺ ബോധവത്കരണ പരിപാടിയും തെരഞ്ഞെടുക്കപ്പെട്ട വനിതാ റിസോഴ്സ് പേഴ്സൺസിനെ ഉൾപ്പെടുത്തി എനർജി ക്ലിനിക്ക് ക്യാമ്പയിനും സംഘടിപ്പിച്ചിട്ടുണ്ടെന്നും ഊർജ്ജ സംരക്ഷണ അവാർഡ് നൽകിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 100 KVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യംവരുന്ന വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നിർബന്ധമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കാർഷിക ആവശ്യങ്ങൾക്ക് ഊർജ്ജ കാര്യക്ഷമത കൂടിയ പമ്പ് സെറ്റുകൾ

സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 14 ഗ്രാമപഞ്ചായത്തുകളിൽ മാതൃകാ ഊർജ്ജകാര്യക്ഷമതാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇ.എം.സി.യുടെ നേതൃത്വത്തിൽ 50 രൂപ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ആദ്യ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും രണ്ടാംഘട്ടമെന്ന നിലയിൽ മിതമായ നിരക്കിൽ ഗുണമേന്മയുള്ള 7.5 കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഊർജ്ജ സംരക്ഷണ പരിപാടികളിലൂടെ നേടിയ ഊർജ്ജ ലാഭം, മാതൃകാ ഊർജ്ജ കാര്യക്ഷമതാ പദ്ധതികളുടെ നടത്തിപ്പ്, ഊർജ്ജ കാര്യക്ഷമതാ ഉപകരണങ്ങളുടെ വിതരണം, ബോധവത്കരണ പരിപാടികൾ എന്നിവയിലൂടെ ഏറ്റവും നല്ല സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയെന്ന നിലയിൽ എനർജി മാനേജ്മെന്റ് സെന്ററിന് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ടെന്നും കാലാകാലങ്ങളിൽ സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പൊതുജന ബോധവത്കരണത്തിനായി വായനശാലകളും പത്ര-ദൃശ്യ-ശ്രവ്യ

മാധ്യമങ്ങളുമായി ചേർന്ന് പരസ്യ പ്രചാരണ പരിപാടികൾ നടത്തിവരുന്നുണ്ടെന്നും തെരുവുവിളക്കുകളുടെ ദുരുപയോഗംമൂലമുണ്ടാകുന്ന വൈദ്യുതിനഷ്ടം പരിഹരിക്കുമെന്നും ചെറുകിട ജലവൈദ്യുത പദ്ധതികളുമായി മുന്നോട്ടുപോകുമെന്നും കാറ്റാടി/സൗരോർജ്ജ വൈദ്യുത പദ്ധതികൾ ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും 26 ഡാമുകൾക്കായി കെ.എസ്.ഇ.ബി. കേന്ദ്ര ജല കമ്മീഷന് തയ്യാറാക്കി സമർപ്പിച്ച എമർജൻസി ആക്ഷൻ പ്ലാനുകളിൽ 21 എണ്ണത്തിന് അംഗീകാരം ലഭിച്ചുവെന്നും റൂൾ കർവുകൾ കൃത്യമായി പാലിച്ചുകൊണ്ടാണ് ബോർഡിന്റെ കൈവശമുള്ള 5 പ്രധാനപ്പെട്ട ഡാമുകളിൽ ജലസംഭരണം നടത്തുന്നതെന്നും ബാരാപോൾ ജലസംഭരണിയുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം പുന:സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

20(*182) <u>സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തടയാൻ നടപടി</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും

ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തി സത്വര നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അന്വേഷണ പുരോഗതി സംബന്ധിച്ച സ്പെഷ്യൽ പ്രതിമാസ റിപ്പോർട്ട് സീൽഡ് കവറിൽ സർക്കാരിന് സമർപ്പിക്കണമെന്ന് വിജിലൻസ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ജില്ല/താലൂക്ക്/യൂണിറ്റ് തലങ്ങളിൽ നടത്തിവരുന്ന ആകസ്മിക/വിശദ പരിശോധനകൾ കാര്യക്ഷമമാക്കിയിട്ടുണ്ടെന്നും ക്രമക്കേടുകൾ തടയുന്നതിനായി സ്വർണ്ണപ്പണയ വായ്പ, പണയപ്പണ്ടങ്ങളുടെ ഭൗതിക പരിശോധന, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടുകളുടെ പരിശോധന എന്നിവ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ വിവിധ സർക്കുലറുകളിലൂടെ കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്വർണ്ണപ്പണയപ്പണ്ടങ്ങളുടെ തൂക്കത്തിൽ കൃത്യതയും പരിശുദ്ധിയും ഉറപ്പുവരുത്തുന്നതിന് സംഘം തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സഹകരണ ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾ സംബന്ധിച്ച് സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണവിഭാഗത്തെ അറിയിക്കണമെന്ന് ആഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അഴിമതി കണ്ടെത്തിയ 30 സഹകരണ

സംഘങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിട്ടുവെന്നും സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് സസ്പെന്റ് ചെയ്തുവെന്നും മന്ത്രി വ്യക്തമാക്കി. മാവേലിക്കര താലൂക്ക് സഹകരണ ബാങ്കിന്റെ തഴക്കര ശാഖ, പള്ളിപ്പുറം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്, നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്, മണ്ണാർക്കാട് അരിയൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നിവയിലെ ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്താൻ ഉത്തരവാകുകയും 27 സ്ഥാപനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. ഓരോ മൂന്നുമാസം കൂടുന്തോറും നിരീക്ഷക സമിതികളുടെ സഹായത്തോടെ ജില്ലകൾതോറും സഹകരണ ബാങ്കുകളിലെ പണയപ്പണ്ടങ്ങളുടെ നിജസ്ഥിതി സംബന്ധിച്ച റിപ്പോർട്ട് പരിശോധനാ വിധേയമാക്കാറുണ്ടെന്നും മുക്കുപണ്ടമെന്ന് തെളിയുന്നപക്ഷം പോലീസ് സേനയുടെ ഉത്തരവാദിത്വത്തിൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുന്നുണ്ടെന്നും പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് കെ.എസ്.ആർ.ടി.സി./ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി പലിശ വ്യവസ്ഥയിൽ പണം നൽകിയിട്ടുണ്ടെന്നും കെ.എസ്.എഫ്.ഇ. ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള

നിക്ഷേപത്തട്ടിപ്പിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21(*183) ജി.എസ്.ടി.യും സംസ്ഥാനത്തിന്റെ വരുമാനവും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തിനകത്ത് 24 അതിർത്തി പ്രദേശങ്ങളിൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (എ.എൻ.പി.ആർ.) ക്യാമറകൾ സ്ഥാപിച്ച് തത്സമയ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുന്നതോടുകൂടി ഐ.ജി.എസ്.ടി. വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അന്തർസംസ്ഥാന വാങ്ങലുകൾ വ്യാപാരികൾ കണക്കിൽപ്പെടുത്തിയാൽ മാത്രമേ അർഹമായ ഐ.ജി.എസ്.ടി. വിഹിതം ലഭ്യമാവുകയുള്ളൂവെന്നും സഭയെ അറിയിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് പരിശോധന നടത്തിവരികയാണ്. ഇന്റലിജൻസ് വിഭാഗത്തെ അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ച് സംസ്ഥാനത്തിനകത്ത് വരുന്ന ചരക്കു വാഹനങ്ങളിൽ ഇ-വേ ബിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും ഇതിലേയ്ക്കായി 126 സർവൈലൻസ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ജി.എസ്.ടി. നിയമം അനുശാസിക്കുന്ന തരത്തിലുള്ള

സോഫ്റ്റ്‌വെയർ നിർമ്മാണം നടന്നുവരികയാണ്. സ്വർണ്ണ വ്യാപാരമേഖലയിലുണ്ടായിട്ടുള്ള നികുതി വെട്ടിപ്പ് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുണ്ടെന്നും ഇന്റലിജൻസ് പരിശോധനയിൽ 60 കോടിയിലധികം രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെന്നും വിശദമായ പരിശോധനയ്ക്കുശേഷം കർശന നിയമനടപടി സ്വീകരിക്കുമെന്നും വാറ്റ് നികുതി കുടിശ്ശിക തീർപ്പാക്കുന്നതിന് ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2213 മുതൽ 2530 വരെയുള്ള ചോദ്യങ്ങളിൽ 108 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)